# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3101

15.12.15 ൽ – മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ പദ്ധതി

**ചോദ്യം**

ശ്രീ. കെ.എൻ.എ. ഖാദർ :

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തിയാക്കേണ്ട നടപടിക്രമങ്ങൾ പൂർത്തിയായി ട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസ ത്തിന്റെ കാരണം വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി നാല് കാര്യങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

1) മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തൽ
2) വാതിൽപ്പടി റേഷൻ വിതരണം
3) പൊതുവിതരണ രംഗത്ത് സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം
4) പരാതി പരിഹാര സംവിധാനം

ദേശീയ ഭക്ഷ്യഭദ്രതാ നിയമ പ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തേണ്ട തായിട്ടുണ്ട്. കുടുംബത്തിലെ 18 വയസ്സിൽ കുറയാത്ത വനിതാ അംഗത്തെ കുടുംബമേധാവി ആക്കിയാണ് റേഷൻ കാർഡുകൾ നൽകേണ്ടത്. ഇതിനായി ആവശ്യമായ വിവരശേഖരണം നടത്തുന്നതി നായി പ്രീ-പോപ്പുലേറ്റഡ് ഫോറം റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും ഫോട്ടോ എടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രീപോപ്പുലേറ്റഡ് ഫോറത്തിലൂടെ ലഭ്യമായ വിവരങ്ങൾ ഗുണഭോക്താക്കൾക്ക് കാണുവാൻ ഓൺലൈൻ വഴി അവസരം നൽകിയിരുന്നു. എന്നാൽ ഇതിലൂടെ ലഭ്യമായ പ്രതികരണം കുറവായതിനാൽ ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ കാർഡുടമ കളുടെ പരിശോധനയ്ക്കായി അതാത്

റേഷൻ കടകളിൽ ലഭ്യമാക്കിയതിൽ കാർഡുടമകൾ തിരുത്തൽ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി ഇപ്പോൾ പൂർത്തീകരിച്ചുവരികയാണ്. ഡേറ്റാ എൻട്രി പൂർത്തിയാക്കി അർഹരായ കുടുംബങ്ങളുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അതിൻമേൽ പരാതികളും ആക്ഷേപങ്ങളും സ്വീകരിച്ച് സോഷ്യൽ ആഡിറ്റ് കമ്മിറ്റി അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതുമാണ്. ഈ നടപടികൾ 2016 മാർച്ച് 31-നകം പൂർത്തിയാക്കി 1-4-2016 മുതൽ സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം പൂർണ്ണമായി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുളളത്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം (റേഷൻകടകളിൽ നേരിട്ട് വകുപ്പിന്റെ മേൽ നോട്ടത്തിൽ റേഷൻ സാധനങ്ങൾ എത്തിക്കൽ) നടത്തേണ്ടതുണ്ട്.

സംസ്ഥാനത്തെ റേഷൻ കടകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷൻ എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ 10 കടകളിലും എറണാകുളം ജില്ലയിലെ 7 കടകളിലും പരീക്ഷണാടിസ്ഥാനത്തിൽ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിയ്ക്കുകയും മറ്റ് ജില്ലകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. കെൽട്രോണിനെയാണ് എന്റ്-റ്റു-എന്റ് കമ്പ്യൂട്ടറൈസേഷന്റെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയോഗിച്ചിട്ടുള്ളത്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സ്റ്റേറ്റ് ഫുഡ് കമ്മീഷനും ജില്ലാതല പരാതി പരിഹാര സെല്ലും രൂപീകരിക്കേണ്ടതുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 101 തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾ യഥാസമയം പൂർത്തീകരിക്കാത്തത് മൂലം എ.പി.എൽ. സബ്സിഡി നഷ്ടമാകാൻ ഇടയുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിനുള്ള സമയപരിധിയായ 31.03.2016 വരെയുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. കേരളത്തിന് അർഹമായ സബ്സിഡി നഷ്ടപ്പെടുകയില്ല. |
| (സി) | കേന്ദ്രം നിഷ്കർഷിച്ച സമയ പരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം കേന്ദ്രത്തെ യഥാ സമയം അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതു പ്രകാരം ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് 31.03.2016– വരെ സമയം കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കേന്ദ്രം നിഷ്കർഷിച്ച മാനദണ്ഡങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പദ്ധതിയുടെ പ്രയോജനം കൃത്യമായി യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് എത്തിക്കുവാൻ ആവശ്യമായ സമയം അനിവാര്യമാണ്. ആയത് ആവശ്യപ്പെട്ടിട്ടുണ്ട്. |

Thulasi

*സെക്ഷൻ ഓഫീസർ*